നിർമ്മാണത്തിന് ആവശ്യമായ ഭൂമി സൗജന്യമായി പൊതുമരാമത്ത് വകുപ്പിന് കൈമാറിക്കിട്ടുന്ന മുറയ്ക്ക് പാലത്തിന്റെ ബാക്കി പണി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**ഷൊർണ്ണൂർ സർക്കാർ പ്രസ്സിലെ നിർമ്മാണ പ്രവർത്തനങ്ങൾ**

280 (4031) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ സർക്കാർ പ്രസ്സിലെ ഇന്റേണൽ റോഡുകൾ ടാർ ചെയ്യുന്നതിനും കോമ്പൗണ്ടുവാൾ നിർമ്മിക്കുന്നതിനുമായി എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നത്;

(ബി) പ്രസ്തുത തുക പൊതുമരാമത്ത് വകുപ്പിന് എന്നാണ് കൈമാറിയത് ; കൈമാറിയില്ലെങ്കിൽ എന്തുകൊണ്ട്; വിശദാംശം ലഭ്യമാക്കാമോ ;

(സി) മേൽ നിർമ്മാണ പ്രവർത്തനങ്ങൾ എന്നാണ് ആരംഭിച്ചത് ;, എന്ന് പൂർത്തീകരിക്കാൻ കഴിയും വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) 7-11-2012-ലെ സ.ഉ. (സാധാ) നമ്പർ 2392/2012/H.Edn. നമ്പർ ഉത്തരവ് പ്രകാരം ഷൊർണ്ണൂർ സർക്കാർ പ്രസ്സിലെ ഇന്റേണൽ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കും കോമ്പൗണ്ട് വാൾ നിർമ്മിക്കുന്നതിനുമായി 58 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി.

(സി) പ്രസ്തുത പ്രവൃത്തി 16-12-2013-ൽ ആരംഭിക്കുകയും 28-10-2014-ൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

**ചാലക്കുടിയിലെ പത്തടിപ്പാലം-അടിച്ചിൽതൊട്ടി റോഡ്**

281 (4032) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി പഞ്ചായത്തിലെ പത്തടിപ്പാലം-അടിച്ചിൽതൊട്ടി റോഡ്, പട്ടികവർഗ്ഗ വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നതിനായി കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഊരാളുങ്കൽ സൊസൈറ്റി സമർപ്പിച്ച എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പിന്റെ സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly